(ഡി) ടെക്നോപാർക്കിൽ സ്വകാര്യ മേഖലയിൽ 11821 ലക്ഷം രൂപയുടേയും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ വിദേശ പ്രവാസി പങ്കാളിത്തത്തോടെ 589 കോടി രൂപയുടേയും നിക്ഷേപം ഉണ്ടായിട്ടുണ്ട്. കൂടാതെ 1273 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണഘട്ടങ്ങളിലാണ്.

(ഇ) വർദ്ധിച്ച തൊഴിൽ സാദ്ധ്യതകളാണ് ലക്ഷ്യമിട്ടിരുന്നത്.

(എഫ്) ചെറുകിട വ്യവസായ മേഖലയിൽ 335826 പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചു. ടെക്നോപാർക്ക് കെ.എസ്.ഐ.ഡി.സി., കിൻഫ്ര, തുടങ്ങിയ സ്ഥാപനങ്ങളുടെ എല്ലാം പരിധിയിൽ വരുന്ന വ്യവസായ സംരംഭങ്ങളിലൂടെ 19377 പേർക്കും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

സ്കൂളുകളെ ദത്തെടുക്കൽ പദ്ധതി

25 (*115) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. ദാസൻ:
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ വിജയശതമാനം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളെ ദത്തെടുക്കുന്ന പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഇതിനകം എത്ര സ്കൂളുകളെ സർക്കാർ ദത്തെടുത്തു എന്ന് അറിയിക്കുമോ ;

(സി) സർക്കാർ ദത്തെടുത്ത സ്കൂളുകളിലെ വിജയശതമാനം എത്ര കണ്ട് വർദ്ധിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഓരോ വർഷത്തെയും വിജയശതമാനം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ഏറ്റവും കൂടുതൽ സ്കൂളുകളെ ദത്തെടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സ്കൂളുകളെ ദത്തെടുക്കൽ പദ്ധതി നടപ്പാക്കിയപ്പോൾ അദ്ധ്യാപകർക്ക് അധികജോലി ചെയ്യേണ്ടി വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) ദത്തെടുക്കൽ പദ്ധതി പ്രകാരം നിർദ്ധനരും എന്നാൽ സമർത്ഥരുമായ വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്താൻ പഠനോപകരണങ്ങളും ഭക്ഷണവും സൗജന്യമായി നൽകിയിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഒരോ വർഷവും ദത്തെടുക്കുന്ന സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) 1997-98 വർഷത്തിൽ : 275

1998-99 വർഷത്തിൽ : 661

1999-2000 വർഷത്തിൽ : 1047

2000-2001 വർഷത്തിൽ : 1170

സ്കൂളുകളെയും ദത്തെടുത്തിട്ടുണ്ട്.

(സി) വിജയശതമാനം ഒരോ വർഷവും വിലയിരുത്താറുണ്ട്. ഓരോ വർഷവും ദത്തെടുത്ത സ്കൂളുകളിൽ വിജയശതമാനം വർദ്ധിച്ചു വരുന്നതായി കാണുന്നു. 99-2000 വർഷത്തിൽ ദത്തെടുത്ത സ്കൂളുകളിൽ രണ്ടെണ്ണം നൂറു ശതമാനം വിജയം കരസ്ഥമാക്കിയിട്ടിണ്ട്.

(ഡി) ദത്തെടുത്ത സ്കൂളുകളിലെ വിജയശതമാനം താഴെ ചേർക്കുന്നു.

വർഷം	ദത്തെടുത്ത സ്കൂളുകൾ	വിജയശതമാനം വർദ്ധിച്ചവ	ശതമാനം
1996-97	176	147	64%
1997-98	278	221	80%
1998-99	661	436	66%
1999-2000	1047	736	70%

(ഇ) ഏറ്റവും കൂടുതൽ സ്കൂളുകൾ ദത്തെടുത്തിട്ടുള്ളത് മലപ്പുറം റവന്യൂ ജില്ലയിലാണ്.

വർഷം	വിദ്യാഭ്യാസ ജില്ല	ഗവ:	എയ്ഡഡ്	ആകെ
1996-97	മലപ്പുറം	10	-	10
1997-98	മലപ്പുറം	30	12	
	തിരൂർ	33	15	92
1998-99	മലപ്പുറം	35	13	
	തിരൂർ	31	20	99
1999-2000	മലപ്പുറം	45	31	
	തിരൂർ	30	21	127
2000-2001	മലപ്പുറം	38	45	
	തിരൂർ	33	29	145

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജോലിഭാരം വളരെ അധികമായി വരുന്നില്ല. 10-ാം ക്ലാസിൽ ഒരു ഡിവിഷനുള്ള സ്ഥാപനത്തിൽ ആകെ നൽകാൻ കഴിയുന്നത് 12 പീരിയഡാണ്. മിനിമം 9 അദ്ധ്യാപകർ ഉണ്ടാകും എന്നതിനാൽ ഒരദ്ധ്യാപകന് ഒരാഴ്ചയിൽ ഒന്നിൽ കൂടുതൽ പീരിയഡ് അധികമായി ജോലി ചെയ്യേണ്ടി വരുന്നില്ല. പ്രാദേശികത പരിഗണിച്ച് രാവിലെയും വൈകുന്നേരവും അദ്ധ്യാപകർക്ക് ഉചിതമായ സമയം പഠന പ്രവർത്തനങ്ങൾക്കായി നൽകുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അദ്ധ്യാപകർ എല്ലാവരും തന്നെ ഒഴിവു പീരിയഡുകളിൽ ബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരായതിനാൽ ഇതൊരു അധിക ജോലിയോ ബാദ്ധ്യതയോ ആയി ആരും പരിഗണിക്കാറില്ല.

(ജി) ദത്തെടുക്കൽ പദ്ധതി പ്രകാരം നിർദ്ധനരും എന്നാൽ സമർത്ഥരുമായ വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പി.ടി.എ. യുടെയും സഹായത്തോടുകൂടി 70% സ്കൂളുകളിൽ പഠനോപകരണങ്ങളും ഭക്ഷണവും സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ പഠന പ്രവർത്തനങ്ങൾക്കായി വില കുറഞ്ഞ പഠനസഹായികൾ നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും ചെറിയ തുക സ്പെഷ്യൽ ഫീസിൽ നിന്നും ഉപയോഗിക്കുന്നതിന് ഹെഡ്മാസ്റ്റർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റഫറൻസ് ബുക്കുകളും ആഡിയോ കാസറ്റുകളും നൽകിയിട്ടുണ്ട്. ദത്തെടുക്കൽ പദ്ധതി പ്രകാരം നടത്തുന്ന എല്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പി.ടി.എ.യുടെയും സന്നദ്ധ സംഘടനകളുടെയും സഹായവും പങ്കാളിത്തവും ലഭിക്കുന്നുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

26 (*116) ശ്രീ. പി. രാഘവൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പടുത്താൻ സർക്കാർ ആലോചിക്കുമോ ;

(ബി) എല്ലാ സർക്കാർ സ്കൂളുകളിലും പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) പ്രീ- പ്രൈമറി വിഭാഗത്തിന്റെ നടത്തിപ്പിന് പി.ടി.എ.യുടെ സഹകരണം ആവശ്യപ്പെടുമോ ;

(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിന് സർക്കാർ സ്കൂൾ പി.ടി.എ. കമ്മിറ്റിക്ക് നിർദ്ദേശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly